**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2803** **22-01-2021 - ൽ മറുപടിയ്ക്ക്**

**പുഴ പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ എം ഷാജി | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹരിത കേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 'പുഴ പുനരുജ്ജീവന പദ്ധതി' നടപ്പിലാക്കി വരുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഹരിതകേരളം മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നദീപുനരുജ്ജീവന പദ്ധതികൾ ജനപങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ സാങ്കേതിക സഹായത്തോടെയും ഏറ്റെടുക്കുകയും ശുചീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നുണ്ട്. പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്ന എന്നതിലുപരി തൊഴിലുറപ്പ് പദ്ധതിയുടെ സഹായവും പുഴ പുനരുദ്ധാരണ പദ്ധതികൾ നിർവ്വഹിക്കുന്നതിന് പ്രയോജനപ്പെടുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം പുഴകൾ, ആറുകൾ, നീർച്ചാലുകൾ എന്നിവയാണ് പുനരുജ്ജീവിപ്പിച്ചത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | വരട്ടാർ, കാനാമ്പുഴയാർ, കോലറയാർ, പള്ളിക്കലാർ, കുട്ടംപേരൂരാർ, കിള്ളിയാർ, മീനച്ചിൽ-മീനന്തറ-കൊടൂരാർ തുടങ്ങിയവ നദീപുനരുജ്ജീവനത്തിന്റെ മികച്ച മാതൃകകളാണ്. ഇവയൊക്കെതന്നെ, പ്രദേശത്തെ കാർഷികാഭിവൃദ്ധിയും, ജലഗുണനിലാവാരവും മെച്ചപ്പെടുത്തുന്നതിനും കിണറുകളിലെ ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്. കൂടാതെ, 2019 ലെ പ്രളയത്തിൽ വരട്ടാറിൽ കൂടിയുള്ള നീരൊഴുക്ക് സുഗമമായി നടന്നതിനാൽ പ്രദേശത്ത് വെള്ളപ്പൊക്കം ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്. |
| (സി) | നാളിതുവരെയായി എത്ര തുകയാണ് ഇതിനായി ചെലവഴിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഹരിതകേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള നീർത്തട പ്ലാനിൽ ഉൾപ്പെട്ട വിവിധ പദ്ധതികൾ/പ്രവൃത്തികൾക്കായി 1252.91 ലക്ഷം രൂപ വിനിയോഗിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ, 380 ലക്ഷം രൂപയുടെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | പുഴകൾ, നദികൾ, കനാലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവയിലേക്ക് മാലിന്യങ്ങൾ തള്ളുന്നതും മാലിന്യ പൈപ്പുകൾ തുറന്നുവെക്കുന്നതും | (ഡി) | ജലസ്രോതസ്സുകൾ മലിനീകരിക്കുന്നവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനും പിഴ ഇടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. സംസ്ഥാന |

| | | | |
|---|---|---|---|
| | തടയുന്നതിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | | മലിനീകരണനിയന്ത്രണ ബോർഡും നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥർ പരാതി നൽകാറുണ്ട്. ഇവയിൽ പോലീസ് ഉദ്യോഗസ്ഥർ തുടർ അന്വേഷണം നടത്തി കോടതിയിൽ കേസ് ഫയൽ ചെയ്യുന്ന നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ